# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *19 — 26/02/2018-ൽ മറുപടിക്ക്

### ആരോഗ്യ ജാഗ്രത പദ്ധതി

**ചോദ്യം**

ശ്രീ.ബി.സത്യൻ
,, യു. ആർ. പ്രദീപ്
,, ആർ. രാജേഷ്

**മറുപടി**

ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ
(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി)

എ) പകർച്ചവ്യാധി നിയന്ത്രണത്തിനായി ആരോഗ്യ വകുപ്പ് നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ;

എ) പകർച്ചവ്യാധി നിയന്ത്രണത്തിനായി 'ആരോഗ്യജാഗ്രത' എന്ന പേരിൽ വർഷം മുഴുവൻ നീണ്ടുനിൽക്കുന്ന കർമ്മപരിപാടിയാണ് 2018 ജനുവരി 1 മുതൽ ആരംഭിച്ചിരിക്കുന്നത്. ആർദ്രം മിഷന്റെയും ഹരിതം മിഷന്റെയും പ്രവർത്തനങ്ങളുമായി സഹകരിച്ച് ജനങ്ങളും സന്നദ്ധ സംഘടനകളും ആരോഗ്യപ്രവർത്തകരും ആരോഗ്യജാഗ്രതയോടൊപ്പം പ്രതിദിനം പ്രതിരോധം നടത്തുക വഴി പകർച്ചവ്യാധികൾ ഫലപ്രദമായി പ്രതിരോധിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

ആരോഗ്യവകുപ്പിന്റെയും തദ്ദേശസ്വയംഭരണ വകുപ്പിന്റെയും ആഭിമുഖ്യത്തിൽ ആരോഗ്യകർമ്മസേന സംസ്ഥാനത്തെ എല്ലാ വീടുകളും സന്ദർശിച്ച് രോഗപ്രതിരോധ അവസ്ഥാ നിർണ്ണയം നടത്തുകയും ജനങ്ങളെ പകർച്ചവ്യാധികൾക്കെതിരെ ബോധവത്ക്കരിക്കുകയും ചെയ്യുന്നു. വ്യക്തിശുചിത്വം, പരിസരശുചിത്വം, മാലിന്യനിർമ്മാർജ്ജനം, കുടിവെള്ള സുരക്ഷിതത്വം, കൊതുകുറവിട നശീകരണം തുടങ്ങി ജനപങ്കാളിത്തം ആവശ്യമായ വിവിധങ്ങളായ രോഗപ്രതിരോധ ബോധവത്കരണങ്ങൾ ജനങ്ങൾക്ക് നൽകിവരുന്നു.

പഞ്ചായത്തുകളിൽ ഗ്രാമസഭകൾ നടത്തുകയും വാർഡ്തല ആരോഗ്യ ശുചിത്വ കർമ്മസേനാംഗങ്ങൾ വീടുകളും, സ്ഥാപനങ്ങളും പൊതുസ്ഥലങ്ങളും സന്ദർശിച്ച് ശുചിത്വമാപ്പിംഗ് നടത്തുകയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ആരോഗ്യവകുപ്പ്, സാമൂഹ്യനീതി വകുപ്പ്, വിദ്യാഭ്യാസ വകുപ്പ്, പി.ആർ.ഡി,

➡

ശുചിത്വമിഷൻ, ഹരിതകേരളം മിഷൻ, കുടുംബശ്രീ എന്നിവയുടെ ഉത്തരവാദിത്വത്തിൽ ആരോഗ്യജാഗ്രതാ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിവരികയും ചെയ്യുന്നു. വീടുകൾ, സ്ഥാപനങ്ങൾ, പൊതുസ്ഥലങ്ങൾ എന്നിവിടങ്ങളിൽ സമ്പൂർണ്ണ ശുചീകരണം നടത്തിവരുന്നു.

കൂടാതെ പകർച്ചവ്യാധികൾ ഉണ്ടാകുന്നത് നേരത്തെതന്നെ കണ്ടുപിടിക്കുന്നതിനും നിയന്ത്രിക്കുന്നതിനുമായി രോഗനിരീക്ഷണവും കൊതുകുനിരീക്ഷണവും ശക്തിപ്പെടുത്തുകയും പകർച്ചവ്യാധികൾ റിപ്പോർട്ട് ചെയ്ത സ്ഥലങ്ങളിൽ അതാത് സമയങ്ങളിൽ ജില്ലാ സംസ്ഥാനതല വിദഗ്ധ സമിതികൾ സന്ദർശിച്ച് രോഗപ്രതിരോധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുവാനുള്ള നടപടികൾ സ്വീകരിക്കുകയും കൊതുകുസാന്ദ്രത കൂടുതലുള്ള പ്രദേശങ്ങളിലും ഡെങ്കിപ്പനി റിപ്പോർട്ട് ചെയ്ത സ്ഥലങ്ങളിലും കൊതുകിന്റെ ഉറവിട നശീകരണം വീടിനുള്ളിൽ കീടനാശിനി തളിക്കുക (ഐ.എസ്.എസ്), വീടിനു പുറത്ത് കീടനാശിനി പുകയ്ക്കൽ (ഫോഗിങ്), കൂത്താടി നശീകരണത്തിനുള്ള സ്പ്രേയിംഗ് എന്നിവ ചെയ്തുവരുന്നുണ്ട്. ആരോഗ്യ പ്രവർത്തകർക്ക് ആവശ്യമായ കൈപ്പുസ്തകങ്ങൾ, പൊതുജനങ്ങൾക്കാവശ്യമായ ലഘുലേഖകൾ തുടങ്ങിയവ തയ്യാറാക്കി വിതരണം ചെയ്തിട്ടുണ്ട്. മരുന്നുകളും ടെസ്റ്റുകിറ്റുകളും കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് വഴി ആശുപത്രികളിൽ ലഭ്യമാക്കിയിട്ടുണ്ട്.

**ബി)** ആരോഗ്യ ജാഗ്രത പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുന്നുവെന്ന് ഉറപ്പാക്കുന്നതിനായി പ്രാഥമികാരോഗ്യ ഉപകേന്ദ്രങ്ങളുടെയും അംഗീകൃത സാമൂഹ്യാരോഗ്യ പ്രവർത്തകരുടെയും (ആശാ വർക്കർ) ഇടപെടൽ ഏതു വിധത്തിലാണെന്ന് വ്യക്തമാക്കാമോ;

**ബി)** ആരോഗ്യ ജാഗ്രതാ പദ്ധതി നടപ്പിലാക്കുന്നതിന് പ്രാഥമികാരോഗ്യ ഉപകേന്ദ്രത്തിലും താഴെ വാർഡ്തലത്തിലും കർമ്മപദ്ധതി തയ്യാറാക്കി അതിന്റെ അടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്. ഉപകേന്ദ്രതലത്തിൽ പ്രവർത്തിക്കുന്ന ജെ.എച്ച്.ഐ, ജെ.പി.എച്ച്.എൻ എന്നിവർ വാർഡ് തല ആരോഗ്യ ശുചിത്വസമിതി തലത്തിലും ഉപകേന്ദ്രതലത്തിലും പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങൾ നടത്തുന്നു. ആശാപ്രവർത്തകർ

➡

ഇതിനാവശ്യമായ ഗൃഹസന്ദർശനം, ബോധവൽക്കരണ - ഉറവിട നശീകരണ പ്രവർത്തനങ്ങളിലും റിപ്പോർട്ടിംഗിലും മറ്റും സഹായിക്കുകയും ചെയ്യുന്നു.

**സി)** പകർച്ചവ്യാധി നിർമ്മാർജ്ജന പരിപാടികളിൽ പൊതുജന പങ്കാളിത്തം ഉറപ്പാക്കുന്നതിനും പരിപാടി സമയബന്ധിതമായും കാര്യക്ഷമമായും നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പ വരുത്തുന്നതിനും കൈക്കൊണ്ടിട്ടുള്ള നടപടികൾ അറിയിക്കാമോ?

**സി)** പകർച്ചവ്യാധി നിയന്ത്രണ പ്രവർത്തനങ്ങളിൽ പൊതുജനപങ്കാളിത്തം ഉറപ്പാക്കുന്നതിന് വിവിധ ദൃശ്യ, ശ്രാവ്യ, പത്രമാധ്യമങ്ങളിലൂടെ ബോധവൽക്കരണം നടത്തിവരുന്നു. ജനപങ്കാളിത്ത-ത്തോടെയുള്ള ക്യാമ്പെയിനുകൾ ആരോഗ്യസന്ദേശ യാത്ര, ഡ്രൈഡേ ആചരണം, പകർച്ചവ്യാധികളുമായി ബന്ധപ്പെട്ട ദിനാചരണം, വാരാചരണം, മാസാചരണം, തുടങ്ങിയ ബോധവത്കരണ പ്രവർത്തനങ്ങൾ പൊതുജനപങ്കാളിത്തം ഉറപ്പാക്കാൻ സഹായിക്കുന്നു. താഴെത്തട്ടിൽ പ്രവർത്തിക്കുന്നവരെ വാർഡ്തല കർമ്മസേനയിൽ ഉൾപ്പെടുത്തുന്നതും ജനപങ്കാളിത്തം ഉറപ്പാക്കാൻ സഹായിക്കും.

പകർച്ചവ്യാധി നിയന്ത്രണ പ്രവർത്തനങ്ങൾ സമയബന്ധിതമായും കാര്യക്ഷമമായും നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പവരുത്താൻ വാർഡ് തലത്തിലും പഞ്ചായത്ത് നഗരസഭാതലത്തിലും ജില്ലാ തലത്തിലും സംസ്ഥാനതലത്തിലും സമിതികൾ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ പ്രാഥമികാരോഗ്യ കേന്ദ്രത്തിലും സാമൂഹികാരോഗ്യകേന്ദ്രത്തിലും ജില്ലാ മെഡിക്കൽ ഓഫീസിലും സംസ്ഥാനതലത്തിലും നടത്തുന്ന പ്രതിവാര, പ്രതിമാസ യോഗങ്ങളിലും ഇത്തരം പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നുണ്ട്. 20/02/2018-ന് ആരോഗ്യവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സംസ്ഥാന തലത്തിൽ ആരോഗ്യജാഗ്രത പ്രവർത്തന പുരോഗതി വിലയിരുത്തുകയും ചെയ്തിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**